# 5.1
# സ്നേഹസ്പർശം

## ആമുഖം

**ലോ**കത്തിന്റെ നിലനിൽപ്പിന് ആധാരമായ ഉദാത്തമായ വികാരമാണ് സ്നേഹം. ജീവികൾക്ക് സ്വന്തം കുഞ്ഞിനോടുള്ള സ്നേഹം ജൈവികമാണെങ്കിൽ സഹജീവികളോടുള്ള സ്നേഹം, പ്രകൃതിസ്നേഹം എന്നിവ സാമൂഹികജീവിതത്തിന്റെയും സംസ്കാരത്തിന്റെയും സൃഷ്ടിയാണ്. സർവചരാചരങ്ങളെയും സമമായി കാണുകയും എല്ലാവരും ഈ ഭൂമിയുടെ അവകാശികളാണെന്നു തിരിച്ചറിയുകയും ചെയ്യുന്ന ഉന്നതമായ മൂല്യബോധത്തിലേക്ക് ഓരോ കുട്ടിയും വളരുകയും വികസിക്കുകയും വേണം.

സാഹിത്യകൃതികളിൽ ഏറ്റവുമധികം പ്രതിപാദിച്ചിട്ടുള്ള പ്രമേയങ്ങളിലൊന്നാണ് സ്നേഹം. സ്നേഹത്തിന്റെ നൈർമല്യവും ഇഴയടുപ്പും സ്നേഹഭംഗത്തിന്റെ വേദനയും നിരാശയും വായനക്കാരെ ഒട്ടൊന്നുമല്ല ആകർഷിച്ചിട്ടുള്ളത്.

എന്നാൽ പലപ്പോഴും സ്നേഹം കൊള്ളാനും കൊടുക്കാനും നാം മറന്നുപോകുന്നു. പ്രകൃതിയുടെ സഹജസ്നേഹം തിരിച്ചറിയപ്പെടാതെ പോവുകയും അറിഞ്ഞോ അറിയാതെയോ സ്വാർഥതയിലേക്ക് നാം വീണുപോവുകയും ചെയ്യുന്നു. നമ്മിൽനിന്ന് നാമറിയാതെ ചോർന്നുപോകുന്ന സ്നേഹകണികകളുടെ അഭാവം ഇന്ന് ജീവിതാവസ്ഥകളെ സങ്കീർണമാക്കിക്കൊണ്ടിരിക്കുകയാണ്. വ്യക്തികൾതമ്മിലുള്ള ദൃഢമായ സ്നേഹം വിശ്വസ്നേഹത്തിന്റെ വിശാലതയിലേക്ക് വളരാൻ ഓരോ തലമുറയെയും നാം പ്രാപ്തരാക്കേണ്ടതുണ്ട്. നിസ്വാർഥമായ സ്നേഹത്തിന്റെ ആകാശത്തിലേക്ക് അവർക്ക് ഉയരാൻ കഴിയണം. അതിനുള്ള ഉപാധിയായാണ് ഈ യൂണിറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

കടമ്മനിട്ട രാമകൃഷ്ണന്റെ ‘പുരുഷസൂക്തം’ എന്ന ദീർഘമായ കവിതയിലെ ‘ഊഞ്ഞാൽപ്പാട്ട്’ എന്ന ഖണ്ഡത്തിലെ കുറച്ചുവരികളാണ് ആദ്യത്തെ പാഠഭാഗം. പി. വത്സലയുടെ ‘തേങ്ങ’ എന്ന ചെറുകഥയാണ് അടുത്തത്. സച്ചിദാനന്ദൻ എഴുതിയ ‘വേഗമുറങ്ങൂ’ എന്ന കവിത മൂന്നാമത്തെ പാഠവും.

ഒരു കുടുംബത്തിലെ അച്ഛനും മക്കളും അമ്മയും തമ്മിലുള്ള ഊഷ്മളമായ സ്നേഹത്തിന്റെ സങ്കീർത്തനമാണ് ആദ്യപാഠം. ‘തേങ്ങ’ എന്ന കഥയിലാവട്ടെ വീട്ടുജോലിക്കെത്തിയ അന്യദേശക്കാരിയായ ഒരു പെൺകുട്ടി സ്നേഹത്തിന്റെ ഉദാരതയാൽ ആ കുടുംബത്തിലെ ഒരംഗമായി പരിഗണിക്കപ്പെടുകയാണ്. മനുഷ്യമനസ്സിലെ സ്നേഹത്തിന്റെ തുള്ളി പ്രപഞ്ചം മുഴുവൻ നിറയുന്ന സ്നേഹസാഗരമായി പരിണമിക്കുകയാണ് ‘വേഗമുറങ്ങൂ’ എന്ന കവിതയിൽ. ഇങ്ങനെ സ്നേഹത്തിന്റെ വ്യത്യസ്തതലങ്ങളെ കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കുകയാണ് ഈ യൂണിറ്റിൽ.

## യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതകൾ ഉചിതമായ ഭാവത്തിലും ഈണത്തിലും ആലപിക്കുന്നു.<br>• കവിതകളിലെ ആശയം, ബിംബകൽപ്പന, ചമൽക്കാരഭംഗി, പ്രയോഗസവിശേഷതകൾ എന്നിവ കണ്ടെത്തി വിശദീകരിക്കുന്നു.<br>• സൂചകങ്ങൾ വികസിപ്പിച്ച് സ്വന്തം ആലാപനവും മറ്റുള്ളവരുടെ ആലാപനവും വിലയിരുത്തുന്നു. | • ഊഞ്ഞാൽപ്പാട്ട് | • ജീവിതത്തെ പ്രതീക്ഷാനിർഭരമാക്കുന്നത് സ്നേഹമാണ്.<br>• കുടുംബബന്ധത്തിലെ ഊഷ്മളമായ സ്നേഹം ആനന്ദപ്രദമായ അനുഭവം പ്രദാനം ചെയ്യുന്നു.<br>• അനുഭവങ്ങളുമായി അഭേദ്യബന്ധമുള്ള പ്രയോഗസവിശേഷതകൾ കവിതയെ ആസ്വാദ്യമാക്കുന്നു. | • കാവ്യാലാപനം<br>• സവിശേഷ പ്രയോഗങ്ങൾ വിശകലനം ചെയ്യൽ<br>• വിശകലനം<br>• ചിത്രവായന<br>• പദച്ചേർച്ച കണ്ടെത്തൽ | • വിശകലനക്കുറിപ്പ്<br>• കാവ്യാലാപനം | • ചർച്ചയിലെ പങ്കാളിത്തവും അഭിപ്രായങ്ങളുടെ യുക്തിയും ഉപയോഗിക്കുന്ന ഭാഷയും<br>• രചനകളിലെ ആശയവ്യക്തത, ക്രമീകരണം, ഭാഷാശൈലി<br>• കാവ്യാലാപനം |
| • കഥകളുടെ രചനാരീതി, സാമൂഹിക പ്രസക്തി, വൈവിധ്യം തുടങ്ങിയ സവിശേഷത | • തേങ്ങ | • സ്വന്തം കുടുംബാംഗങ്ങളെപ്പോലെ അന്യരേയും സ്നേഹിക്കാൻ കഴിയുമ്പോഴാണ് മനസ്സ് വിശാലമാവുന്നത്. | • കഥാവായന<br>• ചർച്ച | • ശ്രാവ്യവായന | • വായനയിലെ മികവ്<br>• ചർച്ചയിലെ പങ്കാളിത്തം |

| | | | | | |
|---|---|---|---|---|---|
| കൾ പരിഗണിച്ചും സ്വന്തം കാഴ്ചപ്പാടുകൾ ഉൾക്കൊള്ളിച്ചും പറഞ്ഞും എഴുതിയും ആസ്വാദനം അവതരിപ്പിക്കുന്നു.<br>• കഥകൾ ആശയം ഉൾക്കൊണ്ട് ഉചിതമായ ഭാവം, ശബ്ദ നിയന്ത്രണം, ഒഴുക്ക്, ഉച്ചാരണശുദ്ധി എന്നിവയോടെ വായിക്കുന്നു. | | • പ്രകൃതിയെയും തന്റെ ജീവിതത്തിന്റെ ഭാഗമായി സ്നേഹിക്കാൻ കഴിയണം<br>• ചെറുകഥകളിൽ വ്യത്യസ്തമായ ആഖ്യാനരീതികളുണ്ട്.<br>• സവിശേഷമായ പ്രയോഗങ്ങൾ കവിതയെപ്പോലെ കഥകളെയും കൂടുതൽ ആസ്വാദ്യമാക്കുന്നു. | • സംഭാഷണരചന<br>• ആസ്വാദനക്കുറിപ്പ് തയാറാക്കൽ<br>• കഥ വായിച്ചവതരിപ്പിക്കൽ | • സംഭാഷണം<br>• ആസ്വാഗനക്കുറിപ്പ് | • രചനയിലെ മികവ്<br>• കഥാവായനയിലെ മികവ് |
| • പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ തുടങ്ങിയവ സന്ദർഭാനുസരണം ഉപയോഗിക്കുന്നു.<br>• സ്വന്തം അഭിരുചിക്കിണങ്ങുന്ന പുസ്തകങ്ങൾ കണ്ടെത്തി വായിച്ച് കുറിപ്പുകൾ തയാറാക്കുന്നു.<br>• വായിച്ച സർഗാത്മകരചനകളെ വ്യത്യസ്തമായ തരത്തിൽ ആവിഷ്കരിക്കുന്നു. | • വേഗമുറങ്ങൂ | • താരാട്ടുപാട്ടുകൾ നമ്മിൽ സ്നേഹമധുരമായ ഓർമ്മകൾ ഉണർത്തുന്നു.<br>• പ്രകൃതിയുടെ സ്നേഹസ്പർശം നമുക്ക് ഒരു സാന്ത്വനമായി അനുഭവപ്പെടും<br>• മനസ്സിനെ വികാരസാന്ദ്രമാക്കുന്ന പ്രതീകങ്ങളും പ്രയോഗങ്ങളും കവിതയുടെ ആസ്വാദ്യത വർധിപ്പിക്കുന്നു. | • കാവ്യാലാപനം<br>• ആശയവിശദീകരണം<br>• കാവ്യവിശകലനം<br>• വർണന രചിക്കൽ<br>• രംഗാവിഷ്ക്കരണം<br>• ഉപന്യാസരചന | • കാവ്യാലാപനം<br>• വർണന<br>• രംഗാവതരണം<br>• ഉപന്യാസം | • ആലാപനമികവ്<br>• രചനയിലെ മികവ്<br>• രംഗാവതരണത്തിലെ പങ്കാളിത്തം |

**പി.**എൻ. ദാസിന്റെ 'ജീവിതഗാനം' എന്ന പുസ്തകത്തിലെ 'സഹോദരശ്രുതി' എന്ന കുറിപ്പിലെ ഒരു കഥയാണ് പ്രവേശകപ്രവർത്തനത്തിനായി നൽകിയിരിക്കുന്നത്. സഹോദരന്മാർക്കിടയിലുള്ള നിസ്വാർഥമായ സ്നേഹത്തിന്റെ ഉദാരതയാണ് ഇതിൽ പ്രകടമാവുന്നത്. രക്തബന്ധത്തിലുള്ളവർക്കപ്പുറത്തേക്ക് എല്ലാ മനുഷ്യരെയും സഹോദരന്മാരായിക്കാണാനുള്ള വിശാലത ഈ കഥയുടെ അന്തർധാരയായി നിലകൊള്ളുന്നുണ്ട്.

'സഹോദരശ്രുതി' എന്ന കുറിപ്പിന്റെ ആദ്യഭാഗത്ത് പി.എൻ. ദാസ് ഇങ്ങനെ എഴുതി: "ഒരാളുടെ ഹൃദയത്തിൽനിന്ന് മുന്നിലുള്ള ഒരാളുടെ നേരെ 'ഇവനെന്റെ സഹോദരൻ' എന്നു തോന്നാൻ തുടങ്ങുമ്പോൾ അവനിലേക്ക് അലൗകികമായ തെന്തോ കൈമാറ്റം ചെയ്യപ്പെടുകയാണ്...!" സഹോദരസ്നേഹത്തിന്റെ അതിവൈകാരികമായ തലം മനസ്സിൽ സൃഷ്ടിച്ചുകൊണ്ട് കുട്ടികളെ ലോകസാഹോദര്യത്തിന്റെ വിശാലത കാണിച്ചുകൊടുക്കുകയാണ് ഈ പ്രവേശകപ്രവർത്തനത്തിലൂടെ ചെയ്യേണ്ടത്. അങ്ങനെ യൂണിറ്റിന്റെ മുഴുവൻ ആശയതലത്തിലേക്ക് കുട്ടികൾക്ക് എത്തിച്ചേരാൻ കഴിയണം.

**പി.എൻ. ദാസ്**



*മലയാളത്തിലെ പ്രമുഖ ഗദ്യകാരന്മാരിൽ ഒരാൾ. കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂരിലാണ് താമസം. അധ്യാപകനായിരുന്നു. ലളിതവും ഋജുവുമായ ആഖ്യാനത്തിലൂടെ ജീവിതസമസ്യകളെ ദാർശനികമായി വിശകലനം ചെയ്യുന്നവയാണ് ദാസിന്റെ രചനകൾ.*

*ബോധിവൃക്ഷത്തിന്റെ ഇലകൾ, ജീവിതഗാനം, കരുണയിലേക്കുള്ള തീർഥാടനം, പക്ഷിമാനസം, ജീവിതപുസ്തകത്തിൽനിന്ന്, സംസ്കാരത്തിന്റെ ആരോഗ്യവും ആരോഗ്യത്തിന്റെ സംസ്കാരവും, വേരുകളും ചിറകുകളും, ഇരുളിലെ ജീവതാരകം, വിളക്കില്ല വെളിച്ചംമാത്രം, ഒരുതുള്ളി വെളിച്ചം എന്നിവയാണ് പ്രധാന കൃതികൾ.*

- യൂണിറ്റിന്റെ മുഖചിത്രത്തിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുക.
  - ചിത്രത്തിൽ മരങ്ങൾ കൈകോർത്തുപിടിച്ചത് എന്തിനെയാണ് സൂചിപ്പിക്കുന്നത്?
- പ്രവേശകപ്രവർത്തനത്തോടൊപ്പം നൽകിയ ചിത്രം കുട്ടികൾ ശ്രദ്ധിക്കട്ടെ.
  - ചിത്രങ്ങൾ നൽകുന്ന സന്ദേശമെന്താണ്?
- കുട്ടികൾ അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കട്ടെ.
- പ്രവേശകത്തിലെ കഥ കുട്ടികൾ ഓരോരുത്തരായി ഉച്ചത്തിൽ വായിച്ചവതരിപ്പിക്കുന്നു.
- ലഘുചോദ്യങ്ങളിലൂടെ പൊതുചർച്ച.
  - പത്തായത്തിൽ നെല്ലുകൊണ്ടിടാൻ സഹോദരന്മാരെ പ്രേരിപ്പിച്ചത് എന്താണ്?
  - ജ്യേഷ്ഠാനുജന്മാർ നെല്ല് പത്തായത്തിൽ കൊണ്ടിടുമ്പോൾ പരസ്പരം കാണാതിരിക്കാൻ ശ്രദ്ധിച്ചത് എന്തുകൊണ്ടായിരിക്കും?

- പരസ്പരം കണ്ടുമുട്ടിയപ്പോൾ എന്തെല്ലാം ചിന്തകളായിരിക്കും മനസ്സിലും ഉണ്ടായത്?

- സഹോദരസ്നേഹത്തിന്റെ സ്വന്തമായ ചില അനുഭവങ്ങൾ ഏതാനുംപേർ പറഞ്ഞവതരിപ്പിക്കട്ടെ.
- സഹോദരർ കണ്ടുമുട്ടിയ സ്ഥലം ഗ്രാമവാസികൾ അമ്പലം പണിയാൻ തിരഞ്ഞെടുത്തതെന്തുകൊണ്ടാണെന്ന് കുട്ടികൾ പറയുന്നു.
- കഥയിലെതുപോലെ തനിക്ക് എന്തൊക്കെ ചെയ്യുമെന്ന് കുട്ടകൾ പറയട്ടെ.
  - തന്റെ സഹോദരർക്കുവേണ്ടി
  - സഹപാഠികൾക്കുവേണ്ടി
  - സുഹൃത്തുക്കൾക്കുവേണ്ടി
  - ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി
  - ലോകനന്മയ്ക്കുവേണ്ടി
- മഹാന്മാരായ വ്യക്തികൾ ലോകനന്മയ്ക്കുവേണ്ടി ത്യാഗം ചെയ്തതിനെക്കുറിച്ച് ചർച്ചചെയ്യാം.
  - സ്വന്തം സഹോദരന്മാർക്കുവേണ്ടി മാത്രമാണോ അവർ പ്രവർത്തിച്ചത്?
  - ലോകരെ അവർ എങ്ങനെയാണ് കണക്കാക്കിയത്?
- 'സഹോദരശ്രുതി' എന്ന കുറിപ്പിന്റെ തുടക്കത്തിൽ പി.എൻ. ദാസ് എഴുതിയ ടോൾസ്റ്റോയിയുടെ അനുഭവം കുട്ടികളോട് വിവരിക്കാവുന്നതാണ്.

> യുദ്ധവും ക്ഷാമവുംകൊണ്ട് ഇരുളിലാണ്ട റഷ്യയിലെ ഒരു തെരുവിലൂടെ നടന്നുപോകുമ്പോൾ ടോൾസ്റ്റോയി ഒരു യാചകനെ കണ്ടുമുട്ടി. ടോൾസ്റ്റോയി തന്റെ കീശകളിൽ തിരക്കിട്ടു തപ്പിനോക്കിയപ്പോൾ അതിൽ ഒന്നുമുണ്ടായിരുന്നില്ല. ഒന്നും സഹായിക്കാനാവാത്തതിനാൽ അദ്ദേഹത്തിന് വല്ലാത്ത കുറ്റബോധവും വ്യസനവും തോന്നി. അദ്ദേഹം ആ യാചകനെ നെഞ്ചോടു ചേർത്തുപിടിച്ചുകൊണ്ട്, പൊടിയും ചെളിയും പുരണ്ട കവിളിൽ ചുംബിച്ചുകൊണ്ടു പറഞ്ഞു: "എന്റെ സഹോദരാ! എന്നോടു കോപിക്കരുതേ. എന്റെ കയ്യിൽ നിനക്കു തരാനായി ഇപ്പോളൊന്നുമില്ല...." പക്ഷേ, ആ യാചകൻ തന്റെ മെലിഞ്ഞമുഖം ഉയർത്തി കണ്ണീർതൂകിക്കൊണ്ട് മൊഴിഞ്ഞു: "ഹാ, അങ്ങെന്നെ സഹോദരാ എന്നു വിളിച്ചു..! അതുമാത്രം മതിയെനിക്ക്..."

- ടോൾസ്റ്റോയിയുടെ ഈ അനുഭവവും സഹോദരന്മാരുടെ കഥയും കുട്ടികൾ താരതമ്യം ചെയ്യട്ടെ.
  - 'അങ്ങെന്നെ സഹോദരാ എന്നു വിളിച്ചു. അതുമതി എനിക്ക്' എന്ന് യാചകൻ പറയാൻ കാരണമെന്ത്?
  - രക്തബന്ധത്തിലുള്ളവരെ മാത്രമാണോ സഹോദരന്മാരായി കാണേണ്ടത്?
- പരസ്പരസ്നേഹത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള ക്രോഡീകരണത്തിലൂടെ കുടുംബത്തിലെ സ്നേഹോഷ്മളതയിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കാം.

# 5.1.1 ഊഞ്ഞാൽപ്പാട്ട്

നന്മ നിറഞ്ഞ പരിപൂർണതയെക്കുറിച്ചുള്ള അന്വേഷണമാണ് കടമ്മനിട്ട രാമകൃഷ്ണന്റെ 'പുരുഷസൂക്തം' എന്ന കവിത. ശ്രുതി, യുക്തി, അനുഭവം, ഞാൻ, കിളിപ്പാട്ട് എന്നിങ്ങനെ അഞ്ചു ഖണ്ഡങ്ങളുള്ളതണ് ഈ കവിത. സ്വയം അന്വേഷിച്ചുകൊണ്ട് ജീവിതത്തിന്റെ എല്ലാ അവസ്ഥാന്തരങ്ങളേയും കടന്ന് ഞാനും നീയും ഒന്നാണെന്നും നാമാണല്ലോ നന്മനിറഞ്ഞ പരിപൂർണത എന്നുമുള്ള തിരിച്ചറിവിലാണ് കവിത അവസാനിക്കുന്നത്. ("ഞാനാണല്ലോ നീ, നീയാണല്ലോ ഞാൻ /നാമാണല്ലോ നന്മനിറഞ്ഞ പരിപൂർണത" - *പുരുഷസൂക്തം, കടമ്മനിട്ട*).

നിരവധി അർഥതലങ്ങളിലേക്ക് വികസിക്കുന്ന ഈ കവിതയിലെ ഇളനീർത്തുള്ളി പോലെ സ്വച്ഛമധുരമായ ഒരു ഭാഗമാണ് ഈ പാഠഭാഗത്തുള്ളത്– കവിതയിലെ 'യുക്തി' എന്ന ഖണ്ഡത്തിലെ 'ഊഞ്ഞാൽപ്പാട്ട്' എന്ന ഭാഗത്തിലെ ഏതാനും വരികൾ.

ക്ഷീണിച്ചവശനായി വീട്ടിലെത്തുന്ന അച്ഛനെ എതിരേൽക്കാനായി ഓടിയെത്തുന്ന കൊച്ചുമകനും മകളും; അച്ഛനും മക്കളും തമ്മിലുള്ള സ്നേഹവാത്സല്യങ്ങൾ നോക്കി നിർവൃതിക്കൊണ്ട് തൊട്ടടുത്ത് പ്രാർഥനാനാളം പോലെ നിൽക്കുന്ന ഭാര്യ. ഒരു കൊച്ചു കുടുംബത്തിലെ അത്യന്തം സ്നേഹോഷ്മളമായ ഒരു മുഹൂർത്തം. "ചിറ്റുളിപ്പല്ലമർത്തിയെൻ തോളിൽ കൊച്ചുപൂവിൻ പടങ്ങൾ വരഞ്ഞും", "ഗീതമോളോടിയെത്തിക്കഴുത്തിൽ താമരത്തണ്ടെറിഞ്ഞു കുനിച്ചു" എന്നീ വരികളിലൂടെ തെളിയുന്ന ആർദ്രമായ വാത്സല്യപ്പകർച്ച ഏതൊരരാളുടെയും മനസ്സിനെ വികാരഭരിതമാക്കും. കുടുംബബന്ധത്തിന്റെ ഇഴയടുപ്പം കുട്ടികളുടെ മനസ്സിൽ വിരിയിക്കാൻ ഈ വരികൾക്കുള്ള ശക്തി അപാരമാണ്. "കൊച്ചുപൂമ്പാറ്റ പുള്ളിച്ചിറകാൽ കറ്റനാമാഴിക്കക്കരെയെത്തി" എന്ന് കവിതന്നെ പറയുന്ന അനുഭവം പാഠഭാഗത്തെ വരികൾ മൂളുമ്പോൾ കുട്ടികൾക്കുണ്ടാവും.

പിതൃബിംബവും മാതൃബിംബവും കടമ്മനിട്ടക്കവിതകളിലെ സജീവസാന്നിധ്യമാണെ് കടമ്മനിട്ടക്കവിതകളുടെ അവതാരികയിൽ പ്രഫ. ആർ. നരേന്ദ്രപ്രസാദ് അഭിപ്രായപ്പെടുകയുണ്ടായി. പ്രകൃതിയുടെ ആദിമചൈതന്യമായി അമ്മയും മനുഷ്യന്റെ പ്രവർത്തനശക്തിയായി അച്ഛനും പരിവർത്തിക്കുന്ന ഒരു സന്ദർഭം കടമ്മനിട്ടക്കവിതയിൽ പലേടത്തും കാണാമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. മലയാളകവിതയിൽ എത്രയോതവണ പാടിനിറഞ്ഞതാണ് മാതൃവാത്സല്യം. എന്നാൽ പിതൃവാത്സല്യം കവിതകളിൽ അത്യപൂർവമായേ ആവിഷ്കൃതമായിട്ടുള്ളൂ. "ഉഷ്ണമാണെന്റെ മക്കളേ ദേഹത്തുപ്പുനാറും, തുടച്ചിട്ടെടുക്കാം" എന്നു പറയുമ്പോൾ ജീവിതവിവശതകൾക്കിടയിലൂടെ ഊറിക്കിനിഞ്ഞുവരുന്ന പിതൃസ്നേഹത്തിന്റെ തേൻതുള്ളിയാണ് കടമ്മനിട്ട പകർന്നുതരുന്നത്.

ലളിതസുന്ദരമായ പ്രയോഗവിശേഷങ്ങൾ എങ്ങിനെയാണ് വൈകാരികമായ സ്മൃതികളുണർത്തിക്കൊണ്ട് കവിതയെ സാന്ദ്രസുന്ദരമാക്കുന്നത് എന്ന് കുട്ടികൾ തിരിച്ചറിയട്ടെ. കാവ്യഭാഷയുടെ വേറിട്ടസാധ്യതകളാണ് ഇവിടെ പരിചയപ്പെടുന്നത്.

# പ്രവർത്തനവിശകലനം

## ഈണത്തിൽ വായിക്കാം

- നിത്യവും വീട്ടിൽ കുടുംബാംഗങ്ങളെല്ലാം ഒത്തുചേരുന്ന ആഹ്ലാദകരമായ അവസരങ്ങൾ ഏതൊക്കെയെന്ന് പറഞ്ഞുകൊണ്ട് പാഠാവതരണമാവാം. (എല്ലാ കുട്ടികൾക്കും പറയാൻ അവസരം നൽകണം)
- കുടുംബത്തിലെ എല്ലാവരും പങ്കെടുത്ത ചില വിശേഷസന്ദർഭങ്ങളുടെ ആഹ്ലാദകരമായ ഓർമ്മകൾ കുട്ടികൾ പറയട്ടെ.
    - വിരുന്നു പോയപ്പോൾ
    - ഉത്സവാഘോഷങ്ങളിൽ പങ്കെടുത്തത്
    - യാത്ര പോയത്
    - 
- കവിത കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ.
- ഓരോ കുട്ടിയും തനിക്ക് യോജിച്ചതെന്നു തോന്നിയ ഒരു ഈണത്തിൽ കവിത വായിച്ചവതരിപ്പിക്കട്ടെ.
- കവിത ആകർഷകമായി ആലപിച്ചതിന്റെ ഓഡിയോ കേൾക്കാനുള്ള അവസരം ക്ലാസിൽ ഒരുക്കുന്നു.

## കണ്ടെത്താം, പറയാം

- കവിതയിലെ ഇഷ്ടപ്പെട്ട വരികൾ, പ്രയോഗങ്ങൾ എന്നിവ വ്യക്തിഗതമായി കണ്ടെത്തട്ടെ.
- പൊതുചർച്ച.
    - പിച്ചവെച്ച് പിരണ്ടോടി വീണത് ആരാണ്?
    - ചിറ്റുളിപ്പല്ലുകൊണ്ട് കൊച്ചുപൂവിൻ പടങ്ങൾ വരയ്ക്കുക എന്നു പറഞ്ഞതുകൊണ്ട് ഉദ്ദേശിച്ചതെന്താണ്?
    - ഓടിവന്ന മക്കളോട് അച്ഛൻ എന്താണ് പറഞ്ഞത്?
    - കുടുംബത്തിൽ നിറയുന്ന സ്നേഹം പ്രകൃതിയിൽ എന്തൊക്കെയായിട്ടാണ് നിഴലിക്കുന്നത്?
    - സ്നേഹവും സന്തോഷവും അനുഭവിക്കുന്ന ഞാൻ ഒരു ഞൊടിനേരം എന്തായിത്തീരുന്നുവെന്നാണ് കവി പറയുന്നത്?

> ചർച്ചയിലെ പങ്കാളിത്തം, പ്രകടിപ്പിക്കുന്ന അഭിപ്രായത്തിലെ ആശയവ്യക്തത, ഭാഷാശേഷി എന്നിവ അധ്യാപിക വിലയിരുത്തുന്നു.

- "ചിറ്റുളിപ്പല്ലമർത്തിയെൻ തോളിൽ
  കൊച്ചുപൂവിൻ പടങ്ങൾ വരഞ്ഞും" എന്ന വരിയും
  "കഴുത്തിൽ താമരത്തണ്ടെറിഞ്ഞു." എന്ന വരിയും കവിതയിൽനിന്നു കണ്ടെത്തി വായിക്കട്ടെ.
- കുട്ടികൾ നടത്താറുള്ള സ്നേഹപ്രകടനങ്ങൾ എങ്ങനെയൊക്കെയാണെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ കുട്ടികൾ പറയട്ടെ.

- താമരത്തണ്ട് എന്നതുകൊണ്ട് ഉദ്ദേശിച്ചതെന്താണെന്നും കുട്ടികൾ ചർച്ചചെയ്യട്ടെ.
  - കുട്ടിയുടെ കൈകൾക്കും താമരത്തണ്ടിനും തമ്മിലുള്ള സാമ്യം എന്താണ്?
- മക്കളുടെ സ്നേഹപ്രകടനം അച്ഛനിൽ എന്തെല്ലാം വികാരങ്ങളുണ്ടാക്കിയിരിക്കുമെന്ന് കുട്ടികൾ ഊഹിച്ചു പറയട്ടെ.

## വിശകലനം ചെയ്യാം

- ലഘുചോദ്യങ്ങളിലൂടെ വിശകലനചർച്ചയാവാം.
  - അച്ഛന്റെ ദേഹത്ത് ഉപ്പുനാറുന്നത് എന്തുകൊണ്ടാവാം?
  - 'ഉപ്പുനാറും, തുടച്ചിട്ടെടുക്കാം' എന്ന വാക്കുകളിൽ നിഴലിക്കുന്നതെന്ത്?
  - പ്രാർഥനാനാളം ആരായിരിക്കാം?
  - അമ്മ പ്രാർഥിക്കുന്നത് എന്തെല്ലാമായിരിക്കും?
  - കറ്റനാമാഴി എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?
  - എന്തുകൊണ്ടാണ് കൊച്ചുപൂമ്പാറ്റയ്ക്ക് ആഴിയുടെ അക്കരെയെത്താൻ സാധിച്ചത്?
- അധ്യാപിക ക്രോഡീകരിക്കണം.
  - ജീവിതത്തിന്റെ കഷ്ടപ്പാടുകൾ പേറി തളർന്നവശനായിട്ടാണ് അച്ഛൻ എത്തുന്നത്. എന്നാൽ കുട്ടികൾ അതറിയുന്നില്ല. അവർക്ക് അച്ഛൻ പ്രതീക്ഷയും പ്രചോദനവുമാണ്. അച്ഛന്റെ വരവും കാത്തിരിക്കയാണവർ. അച്ഛന്റെ ലാളന കൊതിച്ചിരിക്കയാണവർ. ആ സ്നേഹത്തിനു മുമ്പിൽ തന്റെ കഷ്ടപ്പാടുകളെ തുടച്ചുമാറ്റാൻ ശ്രമിക്കുകയാണ് അച്ഛൻ.
  - കുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി എപ്പോഴും പ്രാർഥിച്ചുകൊണ്ടിരിക്കുകയാണ് അമ്മ. അതിനുവേണ്ടി തന്റെ സുഖങ്ങൾപോലും മാറ്റിവച്ച് അമ്മ എല്ലാം സഹിക്കുന്നു. വീട്ടിലെത്തുന്ന അച്ഛനോട് മക്കൾ കാണിക്കുന്ന സ്നേഹപ്രകടനങ്ങൾ മനസ്സുനിറയെ കണ്ട് സന്തോഷം കൊള്ളുകയാണ് ആ അമ്മ.
  - കറുത്തിരുണ്ട കടൽ കടന്നപ്പുറമെത്തുക വിഷമകരമായ ഒന്നാണ്. എന്നാൽ എല്ലാ കഷ്ടപ്പാടുകളും താണ്ടി ജീവിതത്തിന്റെ അക്കരെയെത്താൻ നിറഞ്ഞ സ്നേഹം ഒരാൾക്ക് കരുത്തുനൽകുന്നു. കുടുംബബന്ധങ്ങളിലെ സ്നേഹത്താലുണ്ടാവുന്ന സന്തോഷം ഏത് വിഷമത്തെയും നേരിടാനുള്ള ശക്തിയാണ്.
- കുട്ടികൾ വ്യക്തിഗതമായി വിശകലനക്കുറിപ്പ് എഴുതട്ടെ. ഗ്രൂപ്പിൽ അവതരണം-പരസ്പരവിലയിരുത്തൽ-മെച്ചപ്പെടുത്തിയെഴുതൽ

*എങ്ങനെ വിലയിരുത്താം*

- വരികളിലടങ്ങിയ ആശയം വ്യക്തമാക്കിയിട്ടുണ്ട്.
- ഉഷ്ണമാണ്, ഉപ്പുനാറും, പ്രാർഥനാനാളം, കറ്റനാമാഴി, കൊച്ചുപൂമ്പാറ്റ എന്നീ പദങ്ങൾ കൊണ്ട് ഉദ്ദേശിച്ചതെന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
- ഭാഷാശൈലി മികച്ചതാണ്.

## പ്രയോഗഭംഗി കണ്ടെത്താം

- പിരണ്ടോടി വീണു, ഉള്ളിന്നുള്ളിലെ തേൻതുള്ളി, ഓമനച്ചന്തം എന്നീ പദങ്ങൾ ചാർട്ടിലെഴുതുന്നു.
- ആരെയെങ്കിലും കാണുമ്പോൾ എടുക്കാനായി കൊച്ചുകുട്ടികൾ ഓടിവരുന്നതും തടഞ്ഞുവീഴുന്നതും കരയുന്നതും കുട്ടികൾ അഭിനയിച്ചു കാണിക്കട്ടെ.
- പിച്ചവച്ചു, പിരണ്ടോടിവീണു എന്നീ പദങ്ങൾ അടുത്തടുത്ത് പറയുമ്പോഴുള്ള താള ഭംഗി കുട്ടികൾ പറയുന്നു. (പ, വ എന്നീ അക്ഷരങ്ങളുടെ ആവർത്തനം)
- ഉള്ളിനുള്ളിലെ തേൻതുള്ളി എന്നതുകൊണ്ട് ഉദ്ദേശിച്ചതെന്താണെന്ന് കുട്ടികൾ പറയട്ടെ.
- ഓമന, ചന്തം എന്നീ പദങ്ങളുടെ അർഥം കുട്ടികൾ നിഘണ്ടു പരിശോധിച്ച് കണ്ടെത്തുന്നു.
- ഓമനച്ചന്തം എന്ന് ഒരുമിച്ച് പറയുമ്പോൾ എന്തെല്ലാം ചിത്രങ്ങളാണ് മനസ്സിൽ തെളിയുന്നത് എന്ന് ചർച്ചചെയ്യട്ടെ.
- മനസ്സിൽ സുന്ദരമായ ചിത്രങ്ങൾ ഉണ്ടാക്കുന്ന മറ്റ് പ്രയോഗങ്ങൾ കവിതയിൽനിന്ന് കുട്ടികൾ കണ്ടെത്തി പറയട്ടെ.
    - കൊഞ്ചകൂമ്പി
    - ചിറ്റുളിപ്പല്ല്
    - കൊച്ചുപൂവിൻപടങ്ങൾ
    - ഓമനക്കണ്ണാ
    - താമരത്തണ്ട്
    - പ്രാർഥനാനാളം
    - തൂവൽചിക്കൽ
    - ഒളിപ്പൂൺപ്
    - ഉണ്ണിമോഹങ്ങൾ
- ഈ ഓരോ പദവും മനസ്സിൽ ഉണ്ടാക്കുന്ന ചിത്രങ്ങൾ കുട്ടികൾ വിവരിക്കട്ടെ.

## കവിതയും ചിത്രവും

- കുട്ടികൾ കവിത ഒരാവൃത്തികൂടി വ്യക്തിഗതമായി വായിക്കട്ടെ.
- തുടർന്ന് കവിതയോടൊപ്പം കൊടുത്ത ചിത്രം നിരീക്ഷിക്കട്ടെ.
- ചിത്രത്തിൽ എന്തൊക്കെ കാണാൻ കഴിയുന്നുവെന്ന് കുട്ടകൾ പറയുന്നു.
    - താമരച്ചെടി
    - താമരമൊട്ട്
    - കൈവിരലുകൾ
    - രണ്ട് കുഞ്ഞുമത്സ്യങ്ങൾ
- ഇവയൊരോന്നും കവിതയിലെ ഏതൊക്കെ ആശയങ്ങളുമായി ബന്ധിപ്പിക്കാം. കുട്ടികൾ സ്വതന്ത്രമായി അഭിപ്രായങ്ങൾ പറയട്ടെ.
    - താമരച്ചെടി കുടുംബമായിട്ട്
    - കൈകൾ അച്ഛന്റെ
    - താമരമൊട്ട് അമ്മ
    - മത്സ്യങ്ങൾ കുഞ്ഞുമോനും ചേച്ചിയും

- കവിതയെയും ചിത്രത്തെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള കുറിപ്പ് വ്യക്തിഗതമായി എഴുതുന്നു- ഗ്രൂപ്പിൽ അവതരണം ചർച്ച - മെച്ചപ്പെടുത്തിയെഴുതൽ

രചനയിലെ മികവ് അധ്യാപിക വിലയിരുത്തണം

## പദച്ചേർച്ച

(സമസ്തപദങ്ങളിൽ ഏതൊക്കെ പദങ്ങൾ ഉൾച്ചേർന്നിരിക്കുന്നുവെന്ന് കണ്ടെത്താനുള്ള പ്രവർത്തനമാണിത്. അതോടൊപ്പം പദങ്ങൾ കൂട്ടിച്ചേർത്ത് സമസ്തപദം അടക്കിത്തീർക്കുന്നരീതിയും കുട്ടികൾ പരിചയപ്പെടണം )

- കുട്ടികൾ ചർച്ചചെയ്ത് കണ്ടെത്തി കുറിക്കട്ടെ.
- എഴുതിയത് പൊതുവായി അവതരിപ്പിച്ച് ചർച്ചചെയ്യുന്നു.
- കവിതയിലെ വരികളിൽനിന്ന് കൂടുതൽ സമസ്തപദങ്ങൾ കണ്ടെത്തി അവയിൽ ഉൾച്ചേർന്ന പദങ്ങൾ കണ്ടെത്തട്ടെ.
    - നിൽക്കുമോമനച്ചന്തം - നിൽക്കും, ഓമന, ചന്തം
    - താമരത്തണ്ടെറിഞ്ഞു - താമര, തണ്ട്, എറിഞ്ഞു
    - നിൽക്കയാണൊരു - നിൽക്ക, ആണ്, ഒരു
    - കറ്റനാമാഴിക്കക്കരെയെത്തി - കറ്റനാം, ആഴിക്ക്, അക്കരെ, എത്തി
    - 

## ഉചിതമായ ഈണം കണ്ടെത്താം

(തുടക്കത്തിൽ കുട്ടികൾ കവിത ഈണത്തിൽ വായിച്ചിരുന്നു. എന്നാൽ അപ്പോൾ കവിതയുടെ ആശയതലവും ഭാവവും പൂർണമായി ഉൾക്കൊള്ളാതെയാണ് ആലപിച്ചത്. പഠനപ്രവർത്തനങ്ങളിലൂടെ കവിത പൂർണമായി ആസ്വാദിച്ച ശേഷം ഉചിതമായ ഈണം കണ്ടെത്തി കവിത ആലപിക്കാനുള്ള പ്രവർത്തനമാണിത്. )

- കവിതയ്ക്ക് വ്യക്തിഗതമായി ഉചിതമായ ഈണം കണ്ടെത്തട്ടെ.
- ഗ്രൂപ്പിൽ അവതരണം- ഗ്രൂപ്പിൽനിന്ന് മികച്ച ഈണം തിരഞ്ഞെടുക്കുന്നു.
- വിലയിരുത്തൽ സൂചകങ്ങൾ പൊതുചർച്ചയിലൂടെ കണ്ടെത്താം.

    *വിലയിരുത്തലിനുള്ള സൂചകങ്ങൾ*

    - അക്ഷരസ്ഫുടത
    - ആശയവ്യക്തത
    - ഭാവത്തിനും താളത്തിനും അനുസരിച്ച ഈണം
    - ശബ്ദനിയന്ത്രണം

- തിരഞ്ഞെടുത്ത ഈണത്തിൽ ഗ്രൂപ്പിന്റെ ഒന്നായിട്ടുള്ള അവതരണം.
- ഒരു ഗ്രൂപ്പിന്റെ അവതരണം മറ്റുഗ്രൂപ്പുകൾ വിലയിരുത്തുന്നു. (സൂചകങ്ങളിൽ ഗ്രൂപ്പിന്റെ പൊരുത്തവും ഉൾപ്പെടുത്തണം)

ആലാപനമികവ് അധ്യാപിക വിലയിരുത്തണം

## *സഹായകഗ്രന്ഥങ്ങൾ*

- കടമ്മനിട്ടയുടെ കവിതകൾ- കടമ്മനിട്ട രാമകൃഷ്ണൻ

# 5.1.2 തേങ്ങ

പ്രകൃതി പരസ്പരബന്ധമില്ലാത്ത സർവസ്വതന്ത്രങ്ങളായ കുറെ വസ്തുക്കളുടെ സമാഹാരമല്ല മറിച്ച് പരസ്പരം സജീവമായി ഇടപെട്ടും ആശ്രയിച്ചും നിലനിൽക്കുന്ന ഒരു ശരീരംപോലെയാണ്. വ്യക്തികൾ തമ്മിലും വ്യക്തികളും കുടുംബവും തമ്മിലും കുടുംബവും സമൂഹവും തമ്മിലും ഉള്ള പാരസ്പര്യം സ്നേഹത്തിലധിഷ്ഠിതമാണ്. രക്തബന്ധമുള്ളവരുടെ ഒന്നിച്ചുചേരൽ മാത്രമല്ല കുടുംബമെന്നത്. സ്നേഹധാരയാൽ ഒന്നിക്കുന്ന എല്ലാം കുടുംബത്തിന്റെ ഭാഗംതന്നെയാണ്. ഈ സ്നേഹം വ്യക്തികളിൽനിന്ന് പ്രകൃതിയിലേക്കും തിരിച്ചും സംഭവിച്ചുകൊണ്ടിരിക്കും.

പി. വത്സലയുടെ 'തേങ്ങ' എന്ന കഥയിൽ വ്യക്തികളിൽനിന്ന് വ്യക്തികളിലേക്കും പ്രകൃതിയിലേക്കും പടരുന്ന സ്നേഹത്തിന്റെ സൗമ്യപ്രവാഹമാണുള്ളത്. അന്യദേശത്തുനിന്ന് ഒരു വീട്ടിലേക്കു ജോലിക്കായി എത്തിപ്പെടുന്ന പെൺകുട്ടി അവൾക്കു ചുറ്റിലുമുള്ള പ്രകൃതിയെയും വീട്ടുകാരെയും അതിരറ്റു സ്നേഹിക്കുകയും ആ കുടുംബത്തിലെ ഒരംഗത്തെപ്പോലെ പരിഗണിക്കപ്പെടുകയും ചെയ്യുന്നു. പറമ്പിൽ വീണുചിതറിക്കിടക്കുന്ന തേങ്ങ പെറുക്കിക്കൂട്ടുന്ന അക്കമ്മ എന്ന വേലക്കാരിപെൺകുട്ടിയും അതിനെ 'പെണ്ണിന്റെ പ്രാന്താ'യി കണക്കാക്കുന്ന വീട്ടുകാരിയുടെ മകൾ സംഗീതയും മനുഷ്യമനസ്സിന്റെ രണ്ടുഭാവങ്ങളായാണ് കഥയിൽ പ്രത്യക്ഷപ്പെടുന്നത്. ഒന്ന് എല്ലാറ്റിനെയും സ്നേഹിക്കാൻ വെമ്പുന്ന മനസ്സ്. മറ്റേത് സ്വാർഥമനസ്സ്.

ഗതകാലസ്മരണകളുടെ ഉണർത്തുപാട്ടുകളായി മലയാളമനസ്സുകളിലേക്ക് പെയ്തിറങ്ങിയവയായിരുന്നു പി. വത്സലയുടെ കഥകളും നോവലുകളും. പാരിസ്ഥിതികവും മാനുഷികവുമായ തലങ്ങളിൽ നിന്നാണ് വത്സല കഥകൾ പറയാറുള്ളത്. പ്രസാദാത്മകതയും ശുഭാപ്തിവിശ്വാസവും അടങ്ങിയതാണ് അവരുടെ കഥകൾ. വിസ്തൃതിയും വൈവിധ്യവുമാർന്നതാണ് അവരുടെ കഥാലോകം. ജീവിതത്തിന്റെ പരുക്കൻ യാഥാർഥ്യങ്ങൾ വത്സലയുടെ കഥകൾ അനാവരണം ചെയ്യുന്നു. അതിരുകളില്ലാത്ത അനുഭവലോകം കഥാപാത്ര സൃഷ്ടിയിൽ അസാധാരണ വൈഭവം പ്രദർശിപ്പിക്കാൻ അവരെ സഹായിച്ചു. പെൺമനസ്സിന്റെയും ആൺമനസ്സിന്റെയും സഞ്ചാരപഥങ്ങൾ ഒരുപോലെ വത്സലയുടെ കഥകളിൽ തെളിഞ്ഞുകാണാം.

ഒരു കുടുംബത്തിനുള്ളിലെ നനുത്ത സ്നേഹസ്പർശത്തിനപ്പുറത്തേക്ക് വളരുന്ന സ്നേഹത്തിന്റെ വ്യത്യസ്തതലമായി 'തേങ്ങ' എന്ന കഥ കുട്ടികൾക്ക് അനുഭവപ്പെടുത്താം. കുട്ടികൾക്ക് പരിചിതമായ ചുറ്റുപാടുകളിൽ വികസിക്കുന്ന കഥയായതിനാൽ ഊഞ്ഞാൽപ്പാട്ട് എന്ന പാഠഭാഗത്തിലെന്നപോലെ പ്രമേയത്തോടുതോന്നുന്ന വൈകാരികമായ അടുപ്പം ഭാഷാപഠനത്തിനുള്ള പ്രചോദനമാക്കിയെടുക്കാൻ സാധിക്കും.

ചെറുകഥ എന്ന സാഹിത്യരൂപത്തെ ഒരുപക്ഷെ ആദ്യമായി പരിചയപ്പെടുകയാണ് കുട്ടികൾ. ഭാവനാത്മകമായ കഥകളുടെ ലോകത്തിൽനിന്ന് ജീവിതയാഥാർഥ്യങ്ങളിലേക്ക് മനസ്സിനെ നയിക്കുന്ന കഥകളിലേക്ക് കുട്ടികളുടെ വായനയെ വളർത്താൻ കഴിയുന്ന വിധത്തിൽ വേണം ഈ പാഠഭാഗം ഉപയോഗിക്കുന്നത്. ചെറുകഥകളുടെ രചനയിലും കഥാപാത്രസൃഷ്ടിയിലും ആഖ്യാനത്തിലും ഭാഷയിലും ഉള്ള സവിശേഷതകൾ തിരിച്ചറിയാനും കുട്ടികൾക്ക് കഴിയും.

## പ്രവർത്തനവിശകലനം

### കണ്ടെത്താം, പറയാം

- കുട്ടികൾ കഥ വ്യക്തിഗതമായി വായിക്കട്ടെ. തുടർന്ന് ഉചിതമായ ശബ്ദനിയന്ത്രണത്തോടെ വൈകാരികഭാവം പ്രകടമാവുംവിധം അധ്യാപിക കഥ വായിച്ചവതരിപ്പിക്കണം.
- ഇഷ്ടപ്പെട്ട കഥാസന്ദർഭങ്ങൾ കണ്ടെത്തി ഓരോ കുട്ടിയും ഗ്രൂപ്പിൽ ഉച്ചത്തിൽ വായിച്ചവതരിപ്പിക്കണം.
- അക്കമ്മ എന്ന കഥാപാത്രത്തെക്കുറിച്ച് പൊതുചർച്ചയാവാം.
    - അക്കമ്മയുടെ നാടെവിടെയാണ്?
    - ആ നാട്ടിലെ ജീവിതസാഹചര്യം എന്തെല്ലാമായിരിക്കാം?
    - അവൾ ഇവിടെ വന്നത് എന്തുകൊണ്ടായിരിക്കാം?
    - ഇവിടെ എത്തിയപ്പോൾ അവൾക്ക് പുതുതായി തോന്നിയത് എന്തെല്ലാമായിരിക്കും?
    - അവളുടെ മനസ്സിൽ എന്തെല്ലാം വിചാരങ്ങളാവും ഉണ്ടായിരിക്കുക?
- കുട്ടികൾ അഭിപ്രായങ്ങൾ പ്രകടിപ്പിക്കട്ടെ. ചർച്ചയിൽ എല്ലാവരെയും പങ്കാളികളാക്കണം.
- കഥയിലെ പ്രധാനസംഭവങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തി പറയട്ടെ.
- ‘കണ്ടെത്താം പറയാം’ എന്ന പ്രവർത്തനത്തിലെ ചോദ്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.
- ഗ്രൂപ്പിന്റെ കണ്ടെത്തൽ പൊതുവായി അവതരിപ്പിക്കുന്നു.
- അധ്യാപികയുടെ ക്രോഡീകരണം.
    - ആരും തിരിഞ്ഞുനോക്കാനില്ലാതെ തേങ്ങ പറമ്പിൽ ചിതറിക്കിടക്കുന്നതു കണ്ടപ്പോഴുണ്ടായ വിഷമം കൊണ്ടാണ് അത് പെറുക്കിക്കൂട്ടാൻ അക്കമ്മ ഒരുങ്ങിയത്.
    - അങ്ങനെ അടച്ചിട്ട മുറികളിൽ കിടന്നുള്ള ശീലം അവൾക്കില്ല. പുതിയ ശീലങ്ങളുമായി പൊരുത്തപ്പെടാൻ പെട്ടെന്ന് ആർക്കും സാധ്യമാവില്ലല്ലോ.
    - കൃഷിയോടും കാർഷികവിളകളോടുമുള്ള അവളുടെ പരമ്പരാഗതമായ അടുപ്പമാണ് അങ്ങനെ തോന്നാൻ കാരണം. കാർഷികവിളകളെ കുഞ്ഞുങ്ങളെപ്പോലെ കാണുന്ന ഒരു കർഷകമനസ്സ് അവളിൽ ജന്മനാ ഉണ്ടായിട്ടുണ്ട്. തേങ്ങകളുടെ കിടപ്പ് തന്റെ അനാഥാവസ്ഥയായിത്തന്നെ അവൾക്ക് തോന്നിയിരിക്കാം.
    - തന്റെ കുട്ടിക്കാലമായിരിക്കാം ഒരുപക്ഷെ വീട്ടമ്മയ്ക്ക് ഓർമ്മ വന്നത്. അക്കമ്മയുടെ ആത്മാർഥതയും ആ കുടുംബത്തോടുള്ള സ്നേഹവും അവരുടെ മനസ്സിനെ വല്ലാതെ സ്പർശിച്ചിരിക്കും.

## വിശകലനം ചെയ്യാം

- "ഒരു തെളിഞ്ഞ മുഖം കാണാൻ അവൾക്ക് സാധിച്ചിരുന്നില്ല." എന്ന വാക്യത്തിന്റെ സന്ദർഭം പാഠഭാഗത്തുനിന്ന് കണ്ടെത്തുന്നു.
    - ഇങ്ങനെ അക്കമ്മ ഓർത്തത് എപ്പോഴാണ്?
    - അക്കമ്മയുടെ വീട്ടിലെ അവസ്ഥ എങ്ങനെയുള്ളതായിരുന്നു?
    - എന്തുകൊണ്ടായിരുന്നു അവളുടെ മുഖം ഒരിക്കലും തെളിയാതിരുന്നത്?
- ഗ്രൂപ്പിൽ ചർച്ചചെയ്ത് കണ്ടെത്തലുകൾ പൊതുവായി അവതരിപ്പിക്കട്ടെ.
- "തെങ്ങ് മുഖം താഴ്ത്തി അവളെ ഉറ്റുനോക്കി."
  "അവളുടെ തലമുടിയിലേക്ക് തെങ്ങിന്റെ ഇമകൾ തോർന്നു."
  "തെങ്ങുകൾ കൃതജ്ഞതയോടെ മന്ത്രിച്ചു." എന്നീ വാക്യങ്ങൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു.
    - വാക്യങ്ങളിൽ സവിശേഷമായി തോന്നിയ പ്രയോഗങ്ങൾ ഏവ?
        - തെങ്ങ് മുഖം താഴ്ത്തി
        - തെങ്ങിന്റെ ഇമകൾ
        - തെങ്ങുകൾ മന്ത്രിച്ചു.
    - ഇവ സവിശേഷമായി തോന്നിയത് എന്തുകൊണ്ടാണ്?
        - മനുഷ്യന്റെ ചെയ്തികൾ പോലെയാണ് ഇവ പറഞ്ഞിരിക്കുന്നത്.
    - തെങ്ങിനെ മനുഷ്യതുല്യമായി അവതരിപ്പിച്ചത് എന്തുകൊണ്ടായിരിക്കാം?
        - അക്കമ്മ പ്രകൃതിയിലുള്ള ഒരോന്നിനെയും തന്നെപ്പോലെയാണ് കാണുന്നത്. തന്റെ മനസ്സിൽ തോന്നിയ വികാരങ്ങൾ അതിനുള്ളതുപോലെ അവൾക്കനുഭവപ്പെടുന്നു.
- അക്കമ്മ, സംഗീത എന്നീ കഥാപാത്രങ്ങളുടെ സവിശേഷതകൾ കുട്ടികൾ ഗ്രൂപ്പായി ചർച്ചചെയ്ത് താരതമ്യം ചെയ്യട്ടെ.
    - രണ്ടു പേരുടെയും ജീവിത സാഹചര്യങ്ങൾ
    - രണ്ടും പേരും വളർന്ന ചുറ്റുപാടുകൾ
    - പ്രകൃതിയോട് രണ്ടുപേരും കാണിക്കുന്ന മനോഭാവം
    - രണ്ടുപേരുടെയും പ്രവൃത്തികൾ.
- ഗ്രൂപ്പിന്റെ കണ്ടെത്തലുകളുടെ പൊതുഅവതരണം- ചർച്ച - ക്രോഡീകരണം
    - പ്രകൃതിയുടെ സൗഭാഗ്യങ്ങളെയും കൃഷിയുടെ പ്രാധാന്യത്തെയും അറിയാതെ സുഖലോലുപതയിൽക്കഴിഞ്ഞ സംഗീതയ്ക്ക് അക്കമ്മ ചെയ്യുന്ന പ്രവൃത്തിയുടെ മഹത്വം തിരിച്ചറിയാൻ കഴിയുന്നില്ല.
    - അക്കമ്മയ്ക്ക് ജീവിതത്തിന്റെ ഭാഗം തന്നെയാണ് പ്രകൃതി. താൻ ചെയ്യുന്നത് തന്റെ കടമയായാണ് അവൾ കരുതുന്നത്. തേങ്ങകൾ താൻതന്നെയാണെന്ന് അവൾക്ക് തോന്നിപ്പോകുന്നു.

> ചർച്ചയിലെ പങ്കാളിത്തം, ഭാഷണമികവ്, അഭിപ്രായങ്ങളുടെ യുക്തി, സ്വന്തമായ നിരീക്ഷണം എന്നിവ അധ്യാപിക വിലയിരുത്തണം

## സംഭാഷണം

- കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി ഒരാവൃത്തികൂടി വായിക്കട്ടെ.
- ലഘുചോദ്യങ്ങളിലൂടെ പൊതുചർച്ചയാവാം.
    - അക്കമ്മയെ കണ്ടപ്പോൾ തെങ്ങുകൾക്ക് എന്തെല്ലാം തോന്നിയിരിക്കും?
    - അക്കമ്മ വന്നുകണ്ടപ്പോൾ തെങ്ങിൻതോപ്പിന്റെ അവസ്ഥയെന്തായിരുന്നു?
    - തെങ്ങിൻതോപ്പിലൂടെ ഒറ്റയ്ക്ക് നടക്കുമ്പോൾ അക്കമ്മ ഏതെങ്കിലും തെങ്ങിനോട് എന്തെങ്കിലും പറഞ്ഞിരിക്കുമോ?
    - അക്കമ്മ തേങ്ങകൾ പെറുക്കിയെടുക്കുമ്പോൾ തെങ്ങിന് മനസ്സിൽ ഉണ്ടായ വികാരം എന്തായിരിക്കും?
- കുട്ടികൾ വ്യക്തിഗതമായി സംഭാഷണം എഴുതട്ടെ.
- പരസ്പരം കൈമാറി വായിച്ച് വിലയിരുത്താം.

    *പരസ്പരവിലയിരുത്തലിനുള്ള സൂചകങ്ങൾ*

    - ആശയം വ്യക്തമാണ്.
    - ഒരാൾ പറയുന്നതിന്റെ തുടർച്ചയായാണ് മറ്റെയാൾ പറയുന്നത്.
    - സംസാരരീതിയിലുള്ള ഭാഷയാണ്.
    - തെങ്ങിന്റെയും അക്കമ്മയുടെയും മനോവിചാരങ്ങൾ പ്രകടമാക്കിയിട്ടുണ്ട്.
- ടീച്ചർവെർഷൻ ഗ്രൂപ്പിൽ വായിക്കുന്നു - മെച്ചപ്പെടുത്തിയെഴുതുന്നു - പോർട്ട്ഫോളിയോയിലേക്ക്

രചനയിലെ മികവ്
അധ്യാപിക
വിലയിരുത്തണം

## വാക്യങ്ങൾ നിർമ്മിക്കാം

- കരയുന്ന മഴ, ചുവന്നു കലങ്ങിയ വെയിൽ എന്നീ പ്രയോഗങ്ങൾ അടങ്ങിയ വാക്യം പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതുന്നു.
    - മഴ കരയുന്നതായി അക്കമ്മയ്ക്ക് തോന്നിയ സന്ദർഭം ഏതായിരുന്നു?
    - എന്തായിരിക്കാം മഴ കരയുന്നതായി തോന്നാൻ കാരണം?
        - താൻ ഒരു പെട്ടിയ്ക്കകത്ത് പൂട്ടിയിടപ്പെട്ടതുപോലെ തോന്നിക്കൊണ്ടാണ് അക്കമ്മ ഉറങ്ങാൻ കിടന്നത്. അപ്പനമ്മമാരെ പിരിഞ്ഞ് ഏതോ അന്യവീട്ടിൽ പെട്ടുപോയ തന്റെ ജീവിതത്തിന്റെ അവസ്ഥ അവൾ ദുഃഖത്തോടെ ഓർത്തിരിക്കും. ആ ഓർമ്മയിലെ ദുസ്വപ്നങ്ങളായിരിക്കാം ഉറക്കത്തിൽ അവൾ കണ്ടുകൊണ്ടിരുന്നത്. മഴയുടെ ശബ്ദം തന്റെ മനസ്സിന്റെ കരച്ചിലുപോലെ അവൾക്ക് തോന്നിയിരിക്കാം.
- “തോപ്പിൽ ചുവന്നുകലങ്ങിയ വെയിലോടിയിരുന്നു.” എന്ന വാക്യം ബി.ബിയിൽ എഴുതുന്നു.
    - ചുവന്ന വെയിൽ എപ്പോഴാണ് ഉണ്ടാവുക?
    - കണ്ണുകൾ ചുവന്നുകലങ്ങാറുണ്ടല്ലോ, അതെപ്പോഴാണ്?
    - രാവിലത്തെ വെയിൽ എന്നു പറയാതെ ചുവന്നുകലങ്ങിയ വെയിൽ എന്നു പറഞ്ഞതുകൊണ്ട് വാക്യത്തിന് എന്ത് അർഥംകൂടി വന്നുചേരുന്നുണ്ട്?
        - കരഞ്ഞുകരഞ്ഞു കഴിയുമ്പോഴാണ് കണ്ണുകൾ ചുവന്നുകലങ്ങാറുള്ളത്. കരയുന്ന മഴ കഴിഞ്ഞെത്തിയ പ്രാഭാതത്തിലെ വെയിൽ ആയതുകൊണ്ട് ചുവന്നുകലങ്ങിയ വെയിൽ എന്ന പ്രയോഗം തികച്ചും യോജിക്കുന്നു.

- മാതൃകയിൽകൊടുത്ത വാക്യം കുട്ടികൾ വായിക്കുന്നു. അതുപോലെ 'കരയുന്ന മഴ', 'ചുവന്നുകലങ്ങിയ വെയിൽ' എന്നീ പ്രയോഗങ്ങൾ ഉൾപ്പെടുന്ന പുതിയ വാക്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി നിർമ്മിക്കട്ടെ.
- ഗ്രൂപ്പിൽ വായിച്ച് മികച്ച വാക്യങ്ങൾ തിരഞ്ഞെടുക്കാം.

  *വിലയിരുത്തലിനുള്ള സൂചകങ്ങൾ*

  ✧ പ്രയോഗത്തിന്റെ ആശയവുമായി യോജിക്കുന്നുണ്ട്.
  ✧ വാക്യം അർഥപൂർണമാണ്.

വാക്യരചനയിലെ മികവ് അധ്യാപിക വിലയിരുത്തണം

- ഗ്രൂപ്പിന്റെ അവതരണം- മെച്ചപ്പെടുത്തിയെഴുതൽ

## ആസ്വാദനക്കുറിപ്പ്

- ഉചിതമായ ഭാവപ്രകടനത്തോടെയും ശബ്ദവ്യതിയാനത്തോടെയും കുട്ടികൾ കഥ ക്ലാസിൽ ഉച്ചത്തിൽ വായിക്കുന്നു.
- കഥയുടെ തുടക്കം ഏതുതരത്തിലാണ്, കഥയിലെ പ്രധാന സന്ദർഭങ്ങൾ ഏതൊക്കെയാണ്, കഥ അവസാനിക്കുന്നതെങ്ങനെ എന്നീ കാര്യങ്ങൾ പൊതുവായി ചർച്ച ചെയ്യുന്നു.
- അധ്യാപിക ക്രോഡീകരിക്കുന്നു.
  - ❖ തുടക്കം മുതൽ ഒടുക്കം വരെ എന്ന ക്രമത്തിലല്ല കഥ പറഞ്ഞിരിക്കുന്നത്. കഥയുടെ നടുവിൽനിന്നാണ് തുടങ്ങുന്നത്. പിന്നെ മുമ്പുള്ള കാര്യങ്ങൾ പറയുകയും അതിനുശേഷം തുടർന്നുള്ള സംഭവങ്ങൾ വിവരിക്കുകയും ചെയ്യുന്ന മട്ടിലാണ് കഥ.
  - ❖ ബംഗ്ലാവിലേക്ക് അക്കമ്മയുടെ വരവ്, അവിടത്തെ ആദ്യദിനം, രാത്രി ഉറങ്ങാൻ കിടക്കുന്നത്, ഉറക്കമുണർമ്മപ്പോൾ കണ്ടതും കേട്ടതും, രാവിലെ തെങ്ങിൻതോപ്പിൽ കണ്ടത്, തേങ്ങ പെറുക്കിക്കൂട്ടിയപ്പോൾ സംഗീത പരിഹസിച്ചത്, വീട്ടമ്മ അക്കമ്മയെ കെട്ടിപ്പിടിച്ചത് എന്നിവയാണ് കഥയിലെ പ്രധാന സംഭവഗതികൾ.
  - ❖ പഴയ ഓർമ്മകൾ മനസ്സിൽ നിറഞ്ഞ വീട്ടമ്മ അക്കമ്മയെ സ്നേഹത്തോടെ കെട്ടിപ്പിടിക്കുന്നതു പറഞ്ഞുകൊണ്ടാണ് കഥ അവസാനിക്കുന്നത്.
- അക്കമ്മയുടെ ജീവിതപശ്ചാത്തലം, സ്വഭാവസവിശേഷത, പ്രകൃതിയും അക്കമ്മയും തമ്മിലുള്ള ബന്ധം, അക്കമ്മയുടെയും സംഗീതച്ചേച്ചിയുടെയും കാഴ്ചപ്പാടുകളിലെ വ്യത്യാസം, വീട്ടമ്മയുടെ സ്നേഹം എന്നീ ആശയങ്ങൾ ഓരോ ഗ്രൂപ്പായി ചർച്ചചെയ്ത് പൊതുവായി അവതരിപ്പിക്കട്ടെ.

  (മുൻപ്രവർത്തനങ്ങളിലൂടെ ക്ലാസിൽ ചർച്ചചെയ്ത കാര്യങ്ങളാണിവ എന്നതിനാൽ പ്രത്യേകിച്ച് ക്രോഡീകരണം വേണമെന്നില്ല.)
- കഥാകൃത്തിനെക്കുറിച്ച് പാഠപുസ്തകത്തിൽ കൊടുത്ത വിവരങ്ങൾ കുട്ടികൾ വായിക്കട്ടെ. (കൂടുതൽ വിശദാംശങ്ങൾ ആവശ്യമെങ്കിൽ അധ്യാപിക നൽകണം)
- കഥയുടെ ആസ്വാദനക്കുറിപ്പിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടണം എന്നു പൊതുവായി ചർച്ചചെയ്ത് ക്രോഡീകരണം ചാർട്ടിലെഴുതുന്നു.

- ❖ കഥയിലെ പ്രധാനാശയം
- ❖ കഥ അവതരിപ്പിച്ച രീതിയുടെ പ്രത്യേകത
- ❖ കഥ പറച്ചിലിന്റെ പ്രത്യേകത
- ❖ പ്രധാന കഥാപാത്രങ്ങളുടെ സവിശേഷതകൾ
- ❖ കഥാഗതിയിലെ പ്രധാനസന്ദർഭങ്ങൾ
- ❖ കഥയിൽ ഉപയോഗിച്ച പ്രയോഗങ്ങളുടെ ഭംഗി
- ❖ കഥയിലെ സംഭവഗതികളുടെ തുടർച്ചയും അവസാനവും
- ❖ കഥാകൃത്തിനെക്കുറിച്ചുള്ള പരാമർശങ്ങൾ
- ❖ സ്വന്തമായ അഭിപ്രായം

**ഭിന്നനിലവാരക്കാർക്ക്**

- □ കഥ ചുരുക്കി പറയട്ടെ.
- □ കഥയോടൊപ്പം കൊടുത്ത ചിത്രത്തിലെ സംഭവങ്ങൾ വിവരിക്കട്ടെ.
- □ അക്കമ്മയെ ഇഷ്ടപ്പെടാനുള്ള കാരണം പറയട്ടെ.
- □ ഏതെങ്കിലും ഒരു സന്ദർഭം വരയ്ക്കട്ടെ

- ● കുട്ടികൾ വ്യക്തിഗതമായി ആസ്വാദനക്കുറിപ്പ് എഴുതട്ടെ.
- ● ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കൽ- പരസ്പരവിലയിരുത്തൽ (ആസ്വാദനക്കുറിപ്പിന്റെ സവിശേഷതകൾ ചർച്ചചെയ്ത് ക്രോഡീകരിച്ചതിൽനിന്ന് സൂചകങ്ങൾ കുട്ടികൾ സ്വയം ഉണ്ടാക്കട്ടെ.)
- ● ടീച്ചർവെർഷൻ- മെച്ചപ്പെടുത്തിയെഴുതൽ- പോർട്ട്ഫോളിയോയിലേക്ക്

ആസ്വാദനക്കുറിപ്പ്
അധ്യാപിക
വിലയിരുത്തണം

## കഥയരങ്ങ്

- ● കുട്ടികൾക്ക് വായിച്ചു രസിക്കാവുന്ന ചെറിയ 'ചെറുകഥകൾ' അടങ്ങിയ പുസ്തകങ്ങൾ ക്ലാസ്‌ലൈബ്രറിയിൽ ലഭ്യമാക്കണം. (പാഠപുസ്തകത്തിൽ പറഞ്ഞ കഥകൾതന്നെയാവണമെന്നില്ല.)
- ● കുട്ടികൾ അവർക്കിഷ്ടപ്പെട്ട കഥകൾ തിരഞ്ഞെടുത്ത് വായിക്കട്ടെ.
- ● ഓരോ കുട്ടിയും ഒരു കഥ ക്ലാസിൽ ഉചിതമായ ഭാവപ്രകടനത്തോടെയും ശബ്ദവിന്യാസത്തോടെയും വായിച്ചവതരിപ്പിക്കണം.
    - ■ കഥാകൃത്തിനെ പരിചയപ്പെടുത്തണം
    - ■ കഥയെക്കുറിച്ച് സ്വന്തമായ അഭിപ്രായം അവതരിപ്പിക്കണം

വായനയിലെ മികവ്
അധ്യാപിക
വിലയിരുത്തണം

### സഹായകഗ്രന്ഥങ്ങൾ

- ◈ പി. വത്സലയുടെ തിരഞ്ഞെടുത്ത കഥകൾ

# 5.1.3 വേഗമുറങ്ങൂ

**താ**രാട്ട് സ്നേഹസാന്ത്വനമാണ്. നിദ്രയിലേക്കുള്ള സ്വാഗതഗാനമാണത്. അതു കേൾക്കുമ്പോഴാകട്ടെ ബാഹ്യമായ ഇന്ദ്രിയങ്ങളെ അടക്കി ചുറ്റുപാടുകളിൽനിന്നകന്ന് നമ്മുടെ അകംലോകത്തേക്ക് പ്രവേശിക്കുകയാണ് നാം. മനസ്സിനും ശരീരത്തിനും ഒരുപോലെ അനുപേക്ഷണീയമായ ഒരു ജീവധർമ്മപ്രക്രിയയാണത്. ക്ഷീണം മാറ്റി ഉന്മേഷം നൽകുന്ന ഒരു ഉപാധി. താരാട്ടിന്റെ നാദതരംഗങ്ങൾ ബാഹ്യേന്ദ്രിയങ്ങളെ പതുക്കെ മടക്കിവയ്ക്കുകയും സ്വപ്നത്തിന്റെ വിചിത്രഭംഗിയാർന്ന ചുരുളുകൾ വിടർത്തി അന്തർലോചനത്തെ തുറക്കുകയും ചെയ്യുന്നു.

മലയാളകാവ്യലോകം ആദ്യകാലംമുതൽക്കേ താരാട്ടുപാട്ടിന്റെ നറുംപാൽ ചുരത്തിയിട്ടുണ്ട്. കൃഷ്ണഗാഥയുടെ പിറവിക്ക് കാരണമായ വായ്ത്താരിയിൽത്തുടങ്ങി ഇരയിമ്മൻതമ്പിയുടെ 'ഓമനത്തിങ്കൾക്കിടാവോ...' എന്ന ഗാനവും വള്ളത്തോളിന്റെ 'ഒരുറക്കുപാട്ട്' ഉൾപ്പെടെയുള്ള ധാരാളം കവിതകളും നിരവധി സിനിമാഗാനങ്ങളും ഈ വിഭാഗത്തിലുണ്ടായി. ഓരോ താരാട്ടുപാട്ടും വികാരസാന്ദ്രമായ ഗൃഹാതുരതയാണ് നമ്മിൽ ഉണർത്തുന്നത്. ഇതു കേൾക്കുമ്പോൾ നാം അമ്മയെ ഓർക്കുന്നു. മനസ്സ് സ്നേഹംകൊണ്ട് നിറയുന്നു.

സച്ചിദാനന്ദന്റെ 'വേഗമുറങ്ങൂ' എന്ന കവിതയുടെ ബാഹ്യസ്വഭാവം താരാട്ടുപാട്ടിന്റേതാണ്. പ്രകൃതിയിലെ സുന്ദരഭാവങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് വേഗമുറങ്ങാൻ പറയുന്നത്. എല്ലാമുറങ്ങുകയാണ് നീയും ഇന്ദ്രിയങ്ങളെ പൂട്ടിവച്ച് അകക്കണ്ണ് തുറക്കൂ. പുറംലോകത്തിലെ പോർക്കളം കിനാവിൽ പൂക്കളമാവുന്നത് നിനക്ക് കാണാം. നിദ്ര ഒരു സമാശ്വാസമായി നിന്നിൽ നിറയട്ടെ. ശുഭപ്രതീക്ഷയുടെ നിറവാകട്ടെ. ആരാണ് ഈ പറയുന്നത്; താരാട്ട് പാടുന്നത്? കവിയാണോ? പ്രകൃതിയാണോ? അതോ നാം തന്നെയാണോ? വേഗമുറങ്ങാൻ പറയുന്നത് മകളോടാണ്; മലരോടാണ്. നാം തന്നെ കവിയും പ്രകൃതിയും അമ്മയുമായി പരിണമിക്കുകയാണ്. വിശ്വസ്നേഹത്തിന്റെ ഉദാത്തതയിലേക്കാണ് കവിത വളരുന്നത്.

സ്വച്ഛശാന്തമായ നീരൊഴുക്കുപോലുള്ള ഒരു കവിതയാണിത്. എന്നാൽ ഇതിന് ആഴങ്ങളുണ്ട്. അഗാധതയെക്കുറിച്ച് വേവലാതികളില്ലാതെ ഇതിന്റെ പരപ്പിൽ ഇപ്പോൾ കുട്ടികൾക്ക് നീന്തിത്തുടിക്കാം. ഊളിയിടാൻ തുടങ്ങുമ്പോൾ ഉള്ളിലെ ജലപാളികളിൽ പുതിയ വെളിച്ചങ്ങൾ മിന്നുന്നത് കാണാം. കാവ്യത്തിന്റെ അന്തർധാരകൾ ശരീരത്തെ സ്പർശിക്കുന്നത് അറിയാൻ കഴിയും. സച്ചിദാനന്ദന്റെ എല്ലാ കവിതകളുടെയും പൊതുസ്വഭാവമാണിത്. ഇത് ഒരുപക്ഷെ കുട്ടികൾക്കുവേണ്ടി എഴുതിയതിനാലാവാം ബാഹ്യമായ ലാളിത്യവും ലാവണ്യവും കവിതയ്ക്ക് കൂടുതൽ കൈവന്നത്.

കുട്ടികളുടെ മനസ്സിനെ വികാരസാന്ദ്രമാക്കുന്ന നിരവധി പ്രതീകങ്ങളും പ്രയോഗങ്ങളും കൊണ്ട് നിറഞ്ഞതാണ് ഈ കവിത. അതിനാൽതന്നെ കവിതയുടെ എല്ലാവിധത്തിലുമുള്ള സൗന്ദര്യാനുഭൂതികൾ പകർന്നുനൽകാൻ കഴിയുന്ന പാഠഭാഗമെന്നനിലയിൽ ഇത് പ്രയോജനപ്പെടുത്താൻ കഴിയും. കാവ്യഭാഷയുടെ പുതിയതലങ്ങൾ പരിചയപ്പെടുന്നതോടൊപ്പം പ്രകൃതിയുടെ സ്നേഹഭാവം അനുഭവിപ്പിക്കാനും ഇതിലൂടെ കുട്ടികൾക്ക് സാധ്യമാവും.

## ആസ്വാദനം

### പ്രകൃതിയുടെ താരാട്ട്

**താ**രാട്ടുപാട്ടിന്റെ താളസൗന്ദര്യങ്ങൾ ഉൾക്കൊള്ളുന്ന രചനയാണ് സച്ചിദാനന്ദന്റെ 'വേഗമുറങ്ങൂ' എന്ന കവിത. പ്രകൃതി തൊട്ടിലും താരാട്ടുമാവുകയാമിവിടെ. കൊന്നപ്പൂപോലെ ശോഭയാർന്ന വെയിൽ ചാഞ്ഞു തുടങ്ങുന്ന നേരത്ത് മകളെ ഉറക്കുകയാണ് പ്രകൃതി. മകൾ ആരുമാകാം. അമ്പിളിക്കലയുടെ പൊൻതിടമ്പു വഹിച്ച് കരിംകൊമ്പനാനയെപ്പോലെ രാത്രി വരികയാണ്. മാനും മയിലും ഉറങ്ങിത്തുടങ്ങിയിരിക്കുന്നു. കാടുറങ്ങുന്നു. ആറും കടലും ഇരമ്പങ്ങളുമിളക്കങ്ങലുമില്ലാതെ മയങ്ങിക്കഴിഞ്ഞിരിക്കുന്നു. തടാകങ്ങളിൽ മീനുകൾ മിഴിപൂട്ടിക്കഴിഞ്ഞു. പകലിൻരെ പ്രഭാകരൻ നീലക്കായലിന്റെ സ്വപ്നമായിക്കഴിഞ്ഞു. പക്ഷിയും കിളിപ്പാട്ടും കൂടുകളിൽ ചേക്കേറി. അക്ഷരങ്ങളും അറിവും ഏട്ടിൽ മയങ്ങിത്തുടങ്ങി.

ഇങ്ങനെ പ്രകൃതിയാകെ ഉറക്കത്തിന്റെ സാന്ദ്രതയിലാഴുമ്പോഴാണ് കവി (പ്രകൃതി) മകളെ ഉറക്കാനൊരുങ്ങുന്നത്. കുഞ്ഞിന്റെ ഉറക്കത്തിൽ വിരിയുന്ന സ്വപ്നങ്ങളിൽ ലോകം നീലമയിലിനെപ്പോലെ വർണാഭമാകും. ചോരചീറ്റുന്ന ഉണർവിൻരെ കോലക്കളങ്ങൾ ഉറക്കത്തിൽ ശാന്തിയുടെ പൂക്കളമാകും എന്ന് അമ്മപ്രകൃതി ആശംസിക്കുന്നു. അപ്പോൾ അമ്മല്ലാത്തവർക്കും താൻതന്നെ അമ്മയാകും എന്ന് പറയുകയാണ്. ഉറക്കത്തിന്റെ ശാന്തസ്വച്ഛതയിൽ വരണ്ടപുഴയിൽ ഓളങ്ങൾ ഉയിർത്ത് ശ്രുതിമീട്ടുമെന്നും ഉണങ്ങി വരണ്ട വനസ്ഥലികളിൽ പുതിയ നാമ്പുകൾ മുള പൊട്ടുമെന്നും പ്രകൃതിയ്ക്കുറപ്പുണ്ട്.

രാത്രിയുടെ പൂമരം പൂത്തുലയുന്ന, കാറ്റിൻചുമലിലെ കാണാച്ചെട്ട താളം പെരുക്കുന്ന, ചാറ്റൽമഴയുടെ നനുത്ത ഇരമ്പം വരുന്ന രാത്രിയിൽ മകളോട് ഉറങ്ങാൻ പറയുകയാണ് പ്രകൃതി. ഈ കവിതയിൽ പാരിസ്ഥിതികവിവേകത്തിന്റെ ധ്വനിയുണ്ട്.

"ചെറുമീനിണയ്ക്കായി സാഗരം തീർപ്പൂ മാതാ-
വിരുപൂവിനു വേണ്ടി വസന്തം ചമയ്ക്കുന്നു
പുഴുവെപ്പൂമ്പാറ്റയായുടുപ്പിക്കുന്നു, മാനിൻ
വഴിയേ തിരുമണക്കസ്തൂരി മണം ചേർപ്പൂ" എന്ന് പ്രകൃതി മക്കൾക്കു വേണ്ടി സ്വതപഃസുകൃതങ്ങൾ ധൂർത്തടിക്കുന്നതിനെക്കുറിച്ച് വൈലോപ്പിള്ളി പാടിയിട്ടുണ്ട്. ആരുമില്ലാത്ത കുഞ്ഞിന് അമ്മ ഭൂമിതന്നെയാകുന്നു. അടങ്ങാത്ത സ്നേഹത്തിന്റെ പാൽക്കടൽ സൃഷ്ടിക്കുന്ന പ്രകൃതിയുടെ പാട്ടാണ് ഈ കവിത. മറ്റൊന്നുമില്ലെങ്കിൽ പ്രകൃതിയുണ്ട്അഭയമായി എന്ന പരസ്പരസാകല്യത്തിന്റെ ദർശനം സച്ചിദാനന്ദൻ പറയുന്നു.

'കൊന്നപ്പൂപോലെ ചായുന്ന വെയിൽ', 'അമ്പിളിപ്പൊൻതിടമ്പേന്തും കരിങ്കൊമ്പനായി രാത്രി', 'നീലക്കായലിൻ സ്വപ്നമായ് സൂര്യൻ' തുടങ്ങി കാൽപനികഭാവതീവ്രതയുള്ള പ്രയോഗങ്ങൾ ഈ കവിതയുടെ കാവ്യശോഭ വർധിപ്പിക്കുന്നു. പ്രകൃതിയുടെ താരാട്ടിൽ, ഉറങ്ങുന്ന മകളുടെ സ്വപ്നങ്ങളിൽ ജീവിതത്തിന്റെ പുതുമുളകൾ പൊട്ടിവിരിയും എന്ന കാവ്യവിചാരം കേവലം താരാട്ടുപാട്ടിൽനിന്നും ആശയപരമായി ഈ കവിതയെ ഉയർത്തുന്നു.

## പ്രവർത്തനവിശകലനം

### ഈണത്തിൽ വായിക്കാം

- "ഓമനത്തിങ്കൾക്കിടാവോ..." എന്ന താരാട്ടുപാട്ട്, വള്ളത്തോളിന്റെ 'ഒരുറക്കുപാട്ട്' എന്നിവ അധ്യാപിക ക്ലാസിൽ പാടി അവതരിപ്പിക്കുകയോ ആകർഷകമായി ആലപിച്ചതിന്റെ ഓഡിയോ കേൾപ്പിക്കുകയോ ചെയ്യാം.

- കുട്ടികൾ അവർക്കറിയാവുന്ന ഏതെങ്കിലും താരാട്ട് ഗാനങ്ങൾ പാടട്ടെ. (സിനിമാ ഗാനങ്ങളോ കവിതയുടെ വരികളോ)
  - നിങ്ങളെ താരാട്ടുപാടിയുറക്കിയിരുന്നത് ആരാണ്?
  - കുട്ടികളെ സാധാരണ താരാട്ട്പാടിയുക്കുന്നത് ആരാണ്?
- കുട്ടികൾ പാഠഭാഗം അവരവർക്ക് മനസ്സിൽ തോന്നുന്ന ഈണത്തിൽ വായിക്കട്ടെ.
- ആകർഷകമായ ഈണത്തിൽ ആശയവ്യക്തത വരും വിധത്തിൽ ഭാവപ്പകർച്ചയോടെ കവിത ആലപിക്കുന്നത് കുട്ടികളെ കേൾപ്പിക്കുക. (ആശയവ്യക്തതയ്ക്കും ഭാവത്തിനും പ്രാധാന്യം നൽകണം)
- ഈ ആലാപനത്തോടാപ്പം കുട്ടികളും സംഘമായി കവിത ആലപിക്കട്ടെ.

## കണ്ടെത്താം, പറയാം

- കുട്ടികൾ കവിത വ്യക്തിഗതമായി വായിക്കുന്നു.
- കവിതയുടെ തുടക്കമായി കൊടുത്ത ചിത്രം കുട്ടികൾ ശ്രദ്ധിക്കട്ടെ.
  - ചിത്രത്തിൽ എന്തെല്ലാമുണ്ട്?
  - ചിത്രത്തിന് ഭംഗി നൽകുന്നത് എന്തൊക്കെയാണ്?
  - ചിത്രത്തിൽ കാണുന്നതിനോട് ചേർത്തുവായിക്കാവുന്ന വരികൾ ഏതൊക്കെയാണ്?
- കവിതയുടെ ഉള്ളടക്കത്തെക്കുറിച്ച് പൊതുചർച്ചയാവാം.
  - വെയിൽ എന്തിനെപ്പോലെയാണെന്നാണ് പറഞ്ഞിരിക്കുന്നത്?
  - അമ്പിളിയെ എന്തായി സങ്കൽപ്പിച്ചിരിക്കുന്നു?
  - ആരൊക്കെയാണ് ഉറങ്ങിയത്?
  - നീലക്കായലിന്റെ സ്വപ്നമായി മാറിയതാര്?
  - അക്ഷരം എവിയെയാണ് മയങ്ങിയത്?
  - നീയുറങ്ങുമ്പോൾ ലോകം എന്തിനെപ്പോലെയുണ്ടാവും എന്നാണ് കവി പറയുന്നത്?
  - കിനാവിൽ പൂക്കളമായിത്തീരുന്നത് എന്താണ്?
  - ആർക്കുവേണ്ടിയാണ് അമ്മനിലാവായി ഞാൻ മാറുമെന്ന് പറയുന്നത്?
  - വറ്റുന്ന പുഴയ്ക്കും ഉണങ്ങിയ കാടിനും കിനാവിൽ എന്തുമാറ്റമാണ് സംഭവിക്കുക.
  - രാവിൽ എന്തെല്ലാമാണ് സംഭവിക്കുന്നത്?
- 'കണ്ടെത്താം, പറയാം' എന്ന പ്രവർത്തനത്തിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി പറയട്ടെ. (എല്ലാ കുട്ടികൾക്കും പറയാൻ അവസരം നൽകണം)

## ആശയം വിശദീകരിച്ചെഴുതൂ

- പൂക്കളമാകുന്ന പോർക്കളം, അമ്മയില്ലാത്തവർക്ക് അമ്മയാവുന്ന നിലാവ്, കാറ്റിൻ ചുമലിലെ കാണാച്ചെണ്ട എന്നീ പ്രയോഗങ്ങൾ ബി.ബി.യിൽ എഴുതുന്നു.
- ഇവയടങ്ങിയ വരികൾ കുട്ടികൾ കണ്ടെത്തി വായിക്കട്ടെ.
- പ്രയോഗത്തിലെ ആശയത്തെക്കുറിച്ച് പൊതുചർച്ച.

  *ചർച്ചയ്ക്കു സഹായകമായ ചോദ്യങ്ങൾ*

  - പോർക്കളം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?
  - പൂക്കളം മനസ്സിൽ എന്തുവികാരമാണുണ്ടാക്കുക?

- നിലാവിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്?
- നിലാവ് എങ്ങനെയാണ് അമ്മയെപ്പോലെയാവുക?
- കാറ്റിന്റെ ചുമൽ എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
- കാണാച്ചെണ്ട ഏതാണ്?

ചർച്ചയിലെ പങ്കാളിത്തം, ഭാഷണമികവ്, അഭിപ്രായങ്ങളുടെ യുക്തി, സ്വന്തമായ നിരീക്ഷണം എന്നിവ അധ്യാപിക വിലയിരുത്തണം

- പ്രയോഗങ്ങളുടെ ആശയം എന്താണെന്ന് കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് ചർച്ചചെയ്ത് മെച്ചപ്പെടുത്തിയെഴുതാം.
- പൊതുഅവതരണത്തിനുശേഷം അധ്യാപികയുടെ ക്രോഡീകരണം.
  - ജീവിതത്തിൽ അനുഭവിക്കുന്ന സംഘർഷങ്ങളാണ് പോർക്കളമായി കവി അവതരിപ്പിക്കുന്നത്. ഉറങ്ങുമ്പോൾ അവയെല്ലാം മറന്ന് ശുഭപ്രതീക്ഷയുടെ പൂക്കളം സ്വപ്നത്തിൽ നിറയുന്നുവെന്നാണ് കവിതയിൽ സൂചിപ്പിക്കുന്നത്.
  - നിലാവ് മനസ്സിന് ശാന്തിയും സാന്ത്വനവും നൽകും. അമ്മയുടെ സാമീപ്യവും നമുക്ക് തരുന്നത് അതാണ്. നിലാവുനിറഞ്ഞ രാവ് പ്രകൃതിയുടെ സ്നേഹസ്പർശമായി നമുക്കനുഭവപ്പെടും.
  - വഹിക്കാനുള്ള ഭാഗമാണ് ചുമൽ. കാറ്റ് വഹിക്കുന്നത് പലതരം ശബ്ദങ്ങളാണ്. ശീൽക്കാരങ്ങളും ദലമർമ്മരങ്ങളും ചില്ലകൾ ആടിയുലയുന്ന ശബ്ദവും എല്ലാം ചേർന്ന് ഒരു വാദ്യഘോഷത്തിന്റെ നാദധാരയുമായാണ് കാറ്റ് എത്തുക.

## വിശകലനം ചെയ്യാം

കവിതയുടെ ആശയതലങ്ങളിലേക്ക് കുട്ടികളെ നയിക്കാനുള്ള പ്രവർത്തനമാണിത്. ഈ ചോദ്യങ്ങൾ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടാണ് ചർച്ചചെയ്യേണ്ടത്.

*ചർച്ചാസൂചകങ്ങൾ*

- കൊന്നപ്പൂവിന്റെ വർണവും പോക്കുവെയിലിന്റെ വർണവും തമ്മിലുള്ള താരതമ്യം.
- നിലാവിന്റെ സാമീപ്യവും അമ്മയുടെ സാമീപ്യവും പകർന്നു നൽകുന്ന അനുഭൂതി.
- രാവിന്റെ പൂമരം, കാറ്റിന്റെ ചെണ്ട, ചാറ്റൽമഴയുടെ ഇരമ്പം എന്നീ പ്രയോഗങ്ങളുടെ ആശയം
- മയിലിന്റെ സൗന്ദര്യവും പ്രകൃതിസൗന്ദര്യവും

- ഗ്രൂപ്പിന്റെ കണ്ടെത്തലുകൾ എഴുതി വായിച്ചവതരിപ്പിക്കട്ടെ.
- അധ്യാപികയുടെ ക്രോഡീകരണം.
  - കൊന്നയുടെയും പോക്കുവെയിലിന്റെയും സ്വർണവർണം ഏതൊരാളിന്റെയും മനംമയക്കും. ആ കാഴ്ച കണ്ടുകണ്ട് അറിയാതെ കണ്ണടച്ച് മനക്കാഴ്ച കാണാൻ ശ്രമിക്കും.
  - നിലാവും അമ്മയും പകരുന്ന സ്നേഹസാന്ത്വനങ്ങൾ ഒരുപോലെയാണ്.
  - രാവിന്റെ പൂമരമായി തിളങ്ങിനിൽക്കുന്ന താരാജാലം പാടുന്നത് നിശ്ശ

ബ്ദമായ താരാട്ടാണ്. ദലമർമ്മരങ്ങളും ചില്ലകളുടെ താളവും ഒത്തുചേരുന്ന വാദ്യമേളമാണ് കാറ്റിലൂടെ ഒഴുകിയെത്തുന്ന താരാട്ട്. ചാറ്റൽമഴ ഇരമ്പം സംഗീതസാന്ദ്രമായ താരാട്ടായി ഉറക്കത്തെ തഴുകും.

- രാത്രിയുടെ നീലിമയാർന്ന ആകാശത്തെയാണ് പീലിവിടർത്തി നിൽക്കുന്ന മയിലായി കവി സങ്കൽപ്പിച്ചത്. മലനിരകളുടെയും വൃക്ഷത്തലപ്പുകളുടെയും നിഴൽകലർന്ന ആകാശക്കാഴ്ച മയിലാട്ടം പോലെ മനസ്സിൽ നിറഞ്ഞുനിൽക്കും.

## വർണന

- കുട്ടികൾ കവിത ഒരാവർത്തികൂടി വായിക്കുന്നു.
- ഓരോ കുട്ടിയും ഉചിതമായ ഈണത്തോടെ കവിത ചൊല്ലിയവതരിപ്പിക്കട്ടെ.

ആലാപനമികവ് അധ്യാപിക വിലയിരുത്തണം

- കവിതയിലെ പ്രധാനാശയങ്ങളും പ്രയോഗങ്ങളും ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.
- പൊതുചർച്ച
    - രാത്രിയിലെ പ്രകൃതി ഭംഗി കണ്ടിട്ടുണ്ടോ?
    - നിലാവിൽ കുളിച്ചുനിൽക്കുന്ന പ്രകൃതി എങ്ങനെയിരിക്കും?
    - രാത്രിയിൽ മഴ പെയ്യുമ്പോൾ പുറത്തേക്ക് നോക്കിയിരുന്നാൽ എന്താണ് അനുഭവപ്പെടാറ്?
- ഉറങ്ങിക്കിടക്കുന്ന പ്രകൃതിക്കാഴ്ച കുട്ടികൾ വ്യക്തിഗതമായി വർണിച്ചെഴുതട്ടെ.
- ഗ്രൂപ്പിൽനിന്ന് മികച്ചത് കണ്ടെത്തി പൊതുഅവതരണം.

    *പരസ്പരവിലയിരുത്തലിനുള്ള സൂചകങ്ങൾ*

    ✧ കാഴ്ചയുടെ വിശദാംശങ്ങൾ ഉണ്ട്.
    ✧ ഭാവനാംശം ഉണ്ട്.
    ✧ ആകർഷകമായ ഭാഷയാണ്.
- ടീച്ചർവെർഷൻ ഗ്രൂപ്പിൽ വായിക്കുന്നു. മെച്ചപ്പെടുത്തിയെഴുതൽ - പോർട്ട് ഫോളിയോയിലേക്ക്

രചനയിലെ മികവ് അധ്യാപിക വിലയിരുത്തണം

## രംഗാവിഷ്കാരം

- കവിതയ്ക്ക് ഉചിതമായ ഈണം സംഘമായി കണ്ടെത്തുന്നു.
- കവിതയിൽനിന്ന് എന്തെല്ലാം രംഗങ്ങൾ അവതരണത്തിനായി തെരഞ്ഞെടുക്കാമെന്ന് (പാഠപുസ്തകത്തിൽ കൊടുത്തതിനു പുറമെ) ചർച്ചചെയ്യുന്നു.
    - കാറ്റത്ത് വീശിയാടുന്ന ഇലകൾ
    - ചാറ്റൽമഴയിൽ ഉലയുന്ന മരച്ചില്ലകൾ
  - രംഗാവിഷ്കാരത്തിനായി എന്തൊക്കെ ഒരുക്കങ്ങൾ വേണം?
    - ചെറിയതോതിലുള്ള വേഷവിതാനങ്ങൾ
    - രംഗമൊരുക്കാൻ ആവശ്യമായ സ്ഥലം
    - 

- കുട്ടികൾ നാല് ഗ്രൂപ്പുകളാവുന്നു. രംഗങ്ങൾ കവിതയിലെ ആശയത്തിന്റെ ക്രമത്തിലാക്കുന്നു. ആവശ്യമായ പരിശീലനം.
- ഒരു ഗ്രൂപ്പ് കവിത സംഘമായി ആലപിക്കണം. ആ സമയത്ത് മറ്റൊരു ഗ്രൂപ്പ് ഓരോരോ രംഗങ്ങളായി ക്രമത്തിൽ അവതരിപ്പിക്കണം.
- ഗ്രൂപ്പുകൾ മാറിമാറി ആലാപനവും അവതരണവും ആവർത്തിക്കട്ടെ.
- എല്ലാ ഗ്രൂപ്പിന്റെയും അവതരണത്തിനുശേഷം ഓരോ ഗ്രൂപ്പും അവതരണത്തെ വിലയിരുത്തി അഭിപ്രായം പറയട്ടെ.

*വിലയിരുത്തലിനുള്ള സൂചകങ്ങൾ*

✧ കവിതയിലെ ആശയം പ്രകടമാക്കിയിട്ടുണ്ട്.
✧ അഭിനയം മികച്ചതായിട്ടുണ്ട്.
✧ സ്വന്തമായ കൂട്ടിച്ചേർക്കലുകൾ ചെയ്തിരിക്കുന്നു.

## കവിതകൾ അവതരിപ്പിക്കാം

(കവികളെ അടുത്തറിയാൻ സഹായിക്കുന്ന പ്രവർത്തനമായാണ് ഇത് ചെയ്യേണ്ടത്. കവിത വായിക്കുന്നതിലും കവികളെക്കുറിച്ച് അറിയാൻ ശ്രമിക്കുന്നതിലുമുള്ള താൽപര്യമാണ് പരിഗണിക്കേണ്ടത്.)

അവതരണത്തിലെ പങ്കാളിത്തം അധ്യാപിക വിലയിരുത്തണം

- കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരെക്കുറിച്ച് പാഠപുസ്കത്തിൽ കൊടുത്ത പരിചയക്കുറിപ്പ് കുട്ടികൾ വായിക്കട്ടെ.
- കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരുടെ ചൊല്ലി അവതരിപ്പിക്കാൻ എളുപ്പമുള്ള ചില കവിതകൾ ക്ലാസ്‌ലൈബ്രറിയിൽ ലഭ്യമാക്കണം.
  - കോഴി, ചാക്കാല, കാട്ടാളൻ, കുറത്തി, ...... - കടമ്മനിട്ട
  - എഴുത്തച്ഛനെഴുതുമ്പോൾ, ഇവനെക്കൂടി, കോഴിപ്പങ്ക്, കായിക്കരയിലെ മണ്ണ് ..... - സച്ചിദാനന്ദൻ
- കവിതകളുടെ തുടക്കത്തിലെ ഏതാനും വരികൾ കുട്ടികൾ ക്ലാസിൽ ചൊല്ലി അവതരിപ്പിക്കട്ടെ. (അവതരിപ്പിക്കുമ്പോൾ കവിയെ പരിചയപ്പെടുത്തണം)

## ഉപന്യാസം തയാറാക്കാം

- വരികളുടെ ആശയം ചർച്ചചെയ്യുന്നു.
- ഊഞ്ഞാൽപ്പാട്ട്, തേങ്ങ, വോഗമുറങ്ങൂ എന്നീ രചനകളിലെ പ്രധാനാശയം എന്താണെന്ന് കുട്ടികൾ പറയട്ടെ.
- പൊതുചർച്ചയിലൂടെ ആശയപടം പൂർണമാക്കട്ടെ.
  - പ്രകൃതിയെ നാം സ്നേഹിക്കണം
  - എല്ലാ സ്നേഹസാന്ത്വനങ്ങളും ഏറ്റുവാങ്ങാനുള്ള മനസ്സുണ്ടാവണം
- ആശയപടത്തിൽ കൊടുത്ത കാര്യങ്ങൾ ഓരോ ഗ്രൂപ്പായി ചർച്ചചെയ്ത് പൊതുവായി വിശദീകരിക്കട്ടെ.

*ചർച്ചാസൂചകങ്ങൾ*

- ❐ പാഠഭാഗത്തിലെ ആശയവുമായുള്ള ബന്ധം
- ❐ ആശയവുമായി ബന്ധപ്പെട്ട ചില വരികളോ മഹദ്വചനങ്ങളോ
- ❐ ആശയത്തെ വിശദീകരിക്കാൻ പറ്റിയ ചില ഉദാഹരണങ്ങൾ
- ❐ ആശയത്തെക്കുറിച്ച് സ്വന്തമായ ചില അഭിപ്രായങ്ങൾ

- പൊതുചർച്ചയിലൂടെ ഉയർന്നുവരുന്ന പ്രധാനാശയങ്ങൾ അധ്യാപിക ചാർട്ടിൽ എഴുതണം.
- കുട്ടികൾ വ്യക്തിഗതമായി ഉപന്യാസം എഴുതട്ടെ. കൈമാറി വിലയിരുത്താം.

*വിലയിരുത്തലിനുള്ള സൂചകങ്ങൾ*

- ✧ പ്രധാനാശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ✧ പാഠഭാഗവുമായി ബന്ധപ്പെടുത്തി വിശദീകരിച്ചിരിക്കുന്നു.
- ✧ യോജിച്ചതരത്തിൽ ഉദ്ധരണികളും കവിതാവരികളും ഉദാഹരണങ്ങളും ചേർത്തിരിക്കുന്നു.
- ✧ സ്വന്തമായ അഭിപ്രായം പ്രകടമാക്കിയിട്ടുണ്ട്.
- ✧ ഉപന്യാസത്തിന്റെ ഘടന (ആമുഖം, ഖണ്ഡികാകരണം, ഉപസംഹാരം) പാലിച്ചിട്ടുണ്ട്.
- ✧ ആകർഷകമായ ഭാഷാശൈലിയാണ്.

- ടീച്ചർവെർഷൻ - മെച്ചപ്പെടുത്തിയെഴുതൽ- പോർട്ട്ഫോളിയോയിലേക്ക്

രചനയിലെ മികവ്
അധ്യാപിക
വിലയിരുത്തണം

***സഹായകഗ്രന്ഥങ്ങൾ***

- ◈ സച്ചിദാനന്ദന്റെ കവിതകൾ